**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4298** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലെ അപാകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലെ അപാകത കാരണം പൊതുജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അപാകതകൾ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില സമഗ്രമായി പുന:നിർണ്ണയിക്കുമെന്ന 2018-ലെ ബജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; | (ബി) | ഉണ്ട്. 14.08.2018-ലെ സ.ഉ(കൈ) നമ്പർ 302/18/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യാവില പുനർനിർണ്ണയിക്കുന്നതിന് അനുമതി നൽകിയും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവായിട്ടുള്ളത് ആണ്. |
| (സി) | ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | 14.08.2018-ലെ സ.ഉ(കൈ) നമ്പർ 302/18/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് അനുമതി നൽകിയും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്തൊട്ടാകെ പുനർനിർണ്ണയ ജോലികൾ ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഓരോ താലൂക്കിലെയും നാലിൽ ഒന്ന് വില്ലേജുകളിൽ വീതം ഘട്ടം ഘട്ടമായി ന്യായവില നിർണ്ണയിക്കേണ്ടതാണെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചിട്ടുള്ളതും ന്യായവില പുനർനിർണ്ണയിക്കുന്നതിന് ആവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ശുപാർശ സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആണ്. |
| (ഡി) | പരിഷ്കരിച്ച ഭൂമിയുടെ ന്യായവില എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | 14.08.2018-ലെ സ.ഉ(കൈ) നമ്പർ 302/18/റവ നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യായവില |

| | | | |
|---|---|---|---|
| | | | പുനർനിർണ്ണയ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരിഷ്കരിച്ച ഭൂമിയുടെ ന്യായവില നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ